# 4

# നമ്മുടെ ദൈവം സൃഷ്ടിക്കുന്നവൻ

ഏതെങ്കിലും വിധത്തിൽ ശക്തി, പ്രത്യേകിച്ചു പരിമിതികളില്ലാത്ത ശക്തി പ്രകടമാക്കാതെ, നമുക്കു ശക്തിയെക്കുറിച്ചു ചിന്തിക്കാൻ തന്നെ പ്രയാസമായിരിക്കും. നാം ശക്തിയെ അതിന്റെ പ്രാഥമിക ഫലം കൊണ്ടാണ് തിരിച്ചറിയുന്നത്. പ്രകടമാകുന്ന ശക്തിയാണ് പ്രവർത്തിക്കുന്നത്. മനുഷ്യർ, ശക്തിയിൽ കുറഞ്ഞവർ ആണെങ്കിലും, വിവിധ രീതിയിൽ യുദ്ധകോപ്പു ഉപയോഗിച്ചു നമ്മുടെ ശക്തി ഉപയോഗിക്കും. പ്രകാശിപ്പിക്കുന്ന ശക്തിയുള്ള ബോർഡിലെ ശക്തിയാണ് വീടുകളെയും പട്ടണങ്ങളെയും പ്രകാശിപ്പിക്കുന്നത് അണുവിലുള്ള ശക്തി വേർപെടുത്തി നിരവധി ഊർജ്ജം ശ്രോതസ്സുകളിൽ ഉപയോഗിക്കുന്നു. ഒരു അന്തർഭാഗത്തെ യന്ത്രത്തെ യാത്രക്കു കാര്യക്ഷമമാക്കുന്നതു അതിനുള്ളിലെ അസംസ്കൃത എണ്ണയാണ്. ഈ ഉദാഹരണങ്ങൾ താല്പര്യജനകമത്രെ. ഈ ശക്തിയുടെ ഉപയോഗത്തിൽ നാം നമ്മുടെ ലോകത്തിൽ സ്വാധീനിക്കപ്പെട്ടിട്ടുണ്ട്.

ഈ ശക്തിയെക്കുറിച്ചുള്ള ഉദാഹരണങ്ങൾ വാസ്തവത്തിൽ ഉണ്ടായ ശക്തിയുടെ ഉദാഹരണങ്ങളാണ്. ലോകത്തിൽ വെളിപ്പെടാത്തതും ഉണ്ടായിക്കഴിഞ്ഞതും കണ്ടുപിടിച്ചു, ദത്തെടുത്ത്, നിയന്ത്രിക്കുകയും, ഉപയോഗിക്കയും ചെയ്യുന്ന ശക്തിയാണ്. ഇതു ലോകത്തിന്റെ ഉറവിടത്തെയും സ്വഭാവത്തെയും സൂചിപ്പിക്കുന്നു. ക്രമമായി, അവിശ്വസനീയമായി ആ ശക്തിയെ അടക്കിനിർത്തിയിരിക്കയാണ്. ഭൗതിക ലോകത്തിൽ ആക്ഷരികമായി അണു ധാരാളം ഊർജ്ജം ചൂഴ്ന്നെടുത്തു പോകുന്നു. അവ നാനാവിധമാക്കി ചില ഉരുക്കലും, സ്ഫോടനവും നടത്തിയാൽ നമുക്ക് ഊഹിക്കാൻ പറ്റാത്ത പൊട്ടിത്തെറി ഉണ്ടാകും.

ദൈവത്തിനു ഇതുമായി എന്തു ബന്ധം? നമ്മുടെ ആദ്യ ഭാഗത്തു, നാം "ദൈവത്തിന്റെ പരിമിതിയില്ലായ്മ" യെ പരിശോധിച്ചു, നാം ദൈവത്തിന്റെ സർവ്വ വ്യാപിത്വം, സർവ്വജ്ഞത്വം, ദൈവത്തിന്റെ സർവ്വ ശക്തിയും നാം കണ്ടു. കാരണം, ദൈവം സർവ്വശക്തനാണ്, അവൻ സൃഷ്ടിക്കുന്നവൻ ആണ്. ശക്തി പ്രവൃത്തിയിൽ പ്രകടമാക്കുന്നു. കാരണം, ദൈവം സർവ്വവും - അറിയുന്നവൻ ആണ്, അവന്റെ സൃഷ്ടി അവന്റെ "അവലോകനം" ആണ്. അതു അവന്റെ ഇഷ്ടം അനുസരിച്ചാണ്. കാരണം ദൈവം എപ്പോഴും - ഉള്ളവനാണ്, അവൻ

അന്തർവർത്തിയാണ്. ലോകത്തെ സൃഷ്ടിച്ചപ്പോൾ അവനെ പ്രകടിപ്പിക്കയുണ്ടായി. അങ്ങനെ സൃഷ്ടിയിൽ ദൈവത്തിന്റെ പ്രകൃതി നാം കാണുന്നു: അതാണ് തിരുവെഴുത്തിന്റെ നില "ആദി [യിൽ] ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" (ഉല്പത്തി 1:1).[1] അതുകൊണ്ടാണ് സങ്കീർത്തനക്കാരൻ പറഞ്ഞതു, "ഞങ്ങളുടെ കർത്താവായ യഹോവേ, നിന്റെ നാമം ഭൂമിയിലൊക്കെയും എത്ര ശ്രേഷ്ഠമായിരിക്കുന്നു, ... !" (സങ്കീർത്തനങ്ങൾ 8:1; കൂടാതെ വാക്യം 9 ഉം നോക്കുക). ദൈവത്തിന്റെ മഹത്തായ കൈവേലയുടെ പ്രദർശനം ആണ് ഭൂമി. എന്തുകൊണ്ട്? സൃഷ്ടി തന്നെ ദൈവത്തിന്റെ സൃഷ്ടി സ്വഭാവത്തെയും ശക്തിയെയും പ്രകടമാക്കുന്നു അവനെ, മനുഷ്യനെയും ഭൂമിയുടെ സ്ഥലത്തെയും, പങ്കിനെയും ഊന്നിപ്പറയുന്നു.

## ഭൂമിയെ സൃഷ്ടിച്ചു

നമ്മോടു പറഞ്ഞിരിക്കുന്നു "യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു, അവന്റെ മൂക്കിൽ ജീവശ്വാസം ഊതി; മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു" (ഉല്പത്തി 2:7). നമ്മുടെ "രൂപം," നമ്മുടെ ഭൗതികഭാഗം ഭൂമിയുടേതാണ്, അതുകൊണ്ട് *ഭൂമിക്കും* നമുക്കും പൊതുവായ പലതുണ്ട്. ഭൗതിക വസ്തുക്കളെ പോലെ, നമുക്കും ഒരു ഉറവിടമുണ്ട്. നമ്മെ മെനഞ്ഞതും പൊതുവായ മൂലകങ്ങളാണ്. ഭൗതികർ എന്ന നിലിയിൽ, നാം മണ്ണിൽ നിന്നു വന്നതാണ്, ഭൂമിയിൽ നിലനില്ക്കുകയും ഭൂമിയിലേക്കു തിരികെ ചേരുകയും ചെയ്യും (ഉല്പത്തി 1:29; 2:9, 16; 3:17–19). അതുകൊണ്ട്, *ദൈവം തന്റെ സൃഷ്ടിയുടെ ഉല്പത്തിയിൽ, ഭൗതിക സൃഷ്ടിയായ മനുഷ്യനെ ഭൗതിക സൃഷ്ടിയായ ഭൂമിയുമായി ബന്ധിപ്പിച്ചിരിക്കുന്നു.*[2] അതുകൊണ്ട്, ഭൂമി നാം ജീവിക്കേണ്ട പശ്ചാത്തലമായി തീർന്നു.

ഈ ഭൂമിയിലെ ജീവിതം ചുരുങ്ങിയതു നാലു പ്രത്യേക വീതികളിൽ വികസിപ്പിച്ചിരുന്നു. ഒന്ന്, മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല എന്നു ദൈവം കണ്ടു. അവൻ അവന്നു ഒരു തുണയെ ഉണ്ടാക്കി, പുരുഷനും സ്ത്രീക്കും അടുത്ത ഒരു കൂട്ടായ്മയും ഒരുക്കി, രണ്ട്, അവർ വെറുതെ ഇരിക്കുന്നതും നന്നല്ലെന്നു ദൈവം കണ്ടു. അവൻ അവർക്കു പ്രവൃത്തി ചെയ്യുവാൻ കൊടുത്തു. മൂന്ന്, മറ്റു ജീവനുള്ളവയെ അടക്കി വാഴുവാനുള്ള അവകാശവും ദൈവം അവർക്കു നല്കി അവരെ സമ്പന്നരാക്കി. നാല്, ഏറ്റവും പ്രധാനമായി ദൈവത്തോടു അവർക്കു കൂട്ടായ്മയും അനുവദിച്ചു[3].

എന്തൊരു നേട്ടം! എന്തൊരു സന്തോഷം! എന്തൊരു ആശയം! എങ്ങനെ ഇതു സാധ്യമാക്കി? എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്? ഈ വിഷയം നാം കൂടുതൽ വിശദമായി മൂന്നാമത്തെ ഭാഗത്തിൽ വിവരിക്കും എങ്ങനെയായാലും, "ദൈവത്തിന്റെ നമ്മോടുള്ള ബന്ധം," നമുക്കു ഇപ്പോൾ വേണ്ടതിലധികം വെല്ലുവിളിയാണ് തരുന്നത്.

## അവന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചു

ബൈബിൾ രേഖ പറയുന്നതു ശ്രദ്ധേയമാണ് "ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു, ദൈവത്തിന്റെ രൂപത്തിൽ അവനെ

സൃഷ്ടിച്ചു; ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു" (ഉല്പത്തി 1:27). ദൈവം "അവന്റെ മൂക്കിൽ ജീവശ്വാസം ഊതി [*നിഷ്മത്ത് ചയ്യിം*]; മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു [*നെഫേഷ്*]" (ഉല്പത്തി 2:7). നെഫേഷ് എന്നതു എബ്രായ പദമാണ് അതിനു വിശാലമായതും അല്പ ഭേദമുള്ളതുമായ വാക്കാണ്. ഇവിടെ ദൈവത്തിന്റെ സൃഷ്ടി യായ മനുഷ്യനെ പറയുന്ന സന്ദർഭമാണ്, അർത്ഥം കൂടുതലായും "തികവുള്ള വ്യക്തി" എന്നാണ്[4].

അതുകൊണ്ട്, നാം വെറും "ഭൗമികമനുഷ്യരല്ല." നാം "പൂർണ്ണ വ്യക്തികളും" ദൈവരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവരുമാണ്. ദൈവ ത്തിന്റെ സാരാംശം ആത്മാവാണ്, അതുകൊണ്ട് നമുക്ക് ദൈവത്തിൽ നിന്നു കിട്ടിയരൂപം തീർച്ചയായും ഭൗതികമല്ല. നമ്മുടെ ദൈവസ്വരൂപം മാംസം അല്ല, ആത്മാവിൽ ഉള്ളതാണ്. ദൈവം മനുഷ്യനിൽ ജീവ ശ്വാസം ഊതിയപ്പോൾ (*നിഷ്മത്ത് ചയ്യിം*), ദൈവത്തിന്റെ സാരാംശം തന്നെയാണ് തന്നിരിക്കുന്നത് - അതായതു, അവന്റെ ആത്മാവു.

തീർച്ചയായും, എല്ലാമൃഗങ്ങളും, പക്ഷികളും, മുതലായവക്കെല്ലാം, ഉല്പത്തി 1:30 ലെ "ജീവശ്വാസം" ഉണ്ട്. ധാരണാ ശക്തിയിൽ അല്ലെങ്കിൽ ഗുണത്തിലാണ് വ്യത്യാസം ഉള്ളതു എന്നു പറയാം. ബൈബിൾ പറയുന്നു, "മനുഷ്യന്റെ ആത്മാവു [*നിശ്മത്ത്* ] യഹോവയുടെ ദീപം" (സദൃശവാക്യങ്ങൾ 20:27). മനുഷ്യർ പ്രബോധനവും, തുറന്നവരും, തന്നറിവുള്ളവരുമാണ് ആദാമും ഹവ്വയും വിചാരപ്പെടുന്നവരും, ചിന്തി ക്കുന്നവരും, തങ്ങളെയും, ചുറ്റുപാടിനെയും, ദൈവത്തെയും അറിയു ന്നവരായി തീർന്നു. ഭൗമിക മൂലകങ്ങളാലാണ് നിർമ്മിച്ചതെങ്കിലും, അവരെ ദൈവകൃപയാൽ, ആത്മദാനത്താൽ ഭൗതികനിലനില്പിനേ ക്കാൾ ഉയർത്തി[5]. ഇതു അവർക്കു ദൈവത്തോടു അർത്ഥവത്തായ ബന്ധം ഉണ്ടാക്കി.

സൃഷ്ടികർത്താവും സൃഷ്ടികളായ മനുഷ്യരും തമ്മിൽ ഈ കൂട്ടായ്മ പ്രശാന്ത സുന്ദരമായ ഒരു ബന്ധത്തിനു വഴി ഒരുക്കി. ഇതു തുടർന്നു പോകേണ്ടതിന്നു നന്നായി ഒരുക്കിയതായിരുന്നു ഏദെൻ തോട്ടം, അതു നിർവൃതി ഉണർത്തുന്നതും, വിലക്കില്ലാത്തതും സൗഹാർദ്ദവമുള്ളതുമായിരുന്നു (ഉല്പത്തി 2:7, 8). ഈ ബന്ധത്തിനു പൂർണ്ണശക്തിയും അവസാനിപ്പിക്കാത്ത സന്തോഷവും ആയിരുന്നു. നിത്യമായ സന്തോഷത്തിനു "ശക്തമായ" എന്നു പറയാൻ കാരണം ബൈബിൾ സ്ക്കൂളിൽ തുടർച്ചയായി പങ്കെടുത്ത ഓരോ കുട്ടിക്കും എന്തോ ഭയങ്കരമായി അവിടെ സംഭവിച്ചതറിയാം. ആദാമിനേയും ഹവ്വയെയും തോട്ടത്തിൽ നിന്നു പുറത്താക്കി. അവരിൽ മരണശിക്ഷ വന്നു. അവരിൽ അദ്ധ്വാനവും വേദനയും ശാപമായി മാറി. ദൈവത്തിന്റെ മഹത്വകരമായ സാന്നിധ്യത്തോടു അവർക്കു അടു ക്കുവാൻ പറ്റാതായി.

എന്തിനായിരുന്നു? തോട്ടത്തിൽ "നന്മതിന്മകളെക്കുറിച്ചുള്ള അറി വിന്റെ വൃക്ഷവും ... ജീവവൃക്ഷവും കൊടുത്തത്" (ഉല്പത്തി 2:9). ദൈവം പറഞ്ഞു, "... എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത്, തിന്നുന്ന നാളിൽ നീ മരിക്കും" (ഉല്പത്തി 2:17). എന്തിനാണ് ദൈവം ആ വൃക്ഷം തോട്ട*ത്തിൽ* വെച്ചത്? എന്തു കൊണ്ട് "ജീവ വൃക്ഷം" മാത്രം നല്കിയില്ല? (ഉല്പത്തി 2:9). അങ്ങനെ

സ്ത്രീക്കും പുരുഷനും, പരസ്പരം തൃപ്തികരമായ ബന്ധം തുടരുകയും ചെയ്യാമല്ലോ?

ഈ ചോദ്യങ്ങൾ സംഭ്രമിപ്പിക്കുന്നതായി തോന്നിയേക്കാം. എങ്ങനെയായാലും, ശ്രദ്ധാപൂർവ്വമായ തരംതിരിവു നമുക്കു തൃപ്തികരമായ ഉത്തരങ്ങൾ നല്കും. പ്രപഞ്ചസംബന്ധിയായ വിസ്തൃതിയെ നാം കാണുകയുണ്ടായി. ഈ ലോകത്തിന്റെ അത്ഭുതങ്ങൾ നാം ശ്രദ്ധിച്ചു. അതു ഒരു സൃഷ്ടിയെകുറിച്ചു മാത്രം പറയുന്നു, "ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു." മനുഷ്യർക്കു സ്നേഹനിർഭരമായ പശ്ചാത്തലം കൊടുത്തതു ദൈവത്തിന്റെ രൂപം ആയിരുന്നു, ദൈവം സ്വയമായി മനുഷ്യരുമായി ആശയവിനിമയം നടത്തുവാൻ ആഗ്രഹിച്ചതു സൂചിപ്പിക്കുന്നുണ്ട്. അവർ ദൈവത്തിനു പ്രത്യേക അർത്ഥം ഉള്ളവരായിരുന്നു എന്നാണ്. സൃഷ്ടികർത്താവിനോടു പ്രതികരിക്കത്തക്കവണ്ണം സ്വയ - ബോധത്തോടെ പങ്കെടുക്കുവാൻ കഴിവു സൃഷ്ടികൾക്കു ലഭിച്ചിരിക്കുന്നു! തടസ്സമില്ലാതെ ദൈവത്തോടു നേരിട്ടു കൂട്ടായ്മ പുലർത്തുന്നതു ഊഹിച്ചു നോക്കുക!

## തിരഞ്ഞെടുക്കുവാൻ സൃഷ്ടിച്ചു

അവസാനത്തോളം സഹിക്കുവാൻ പ്രാധാന്യമുള്ള ഈ ബന്ധത്തിനു ആവശ്യമുള്ള ഒരു ഘടകം മാത്രം ഉണ്ട്. ആ ബന്ധത്തിലേക്കു മനുഷ്യൻ ദൈവത്തോട് അടുക്കുന്നതു സ്വതന്ത്രതിരഞ്ഞെടുപ്പിലൂടെയാണ്. അതു സ്വതന്ത്ര - ഇഛയാലുള്ള തീരുമാനമാണ്. സ്വതന്ത്ര ഇഛ മുഴുവൻ പ്രകടമാക്കുവാൻ സ്വീകരിക്കുവാനും, നിഷേധിക്കുവാനും ഉള്ള കഴിവും അവസരവും വേണം. ദൈവം ആദാമിനും ഹവ്വക്കും കഴിവും (ബുദ്ധി) അവസരവും (വൃക്ഷം) കൊടുത്തിരുന്നു. ദൈവം തന്റെ ഹിതം അനുസരിക്കുവാനും അല്ലെങ്കിൽ ലംഘിക്കുവാനും തിരഞ്ഞെടുക്കുവാൻ സ്വാതന്ത്ര്യം കൊടുത്തു. ദൈവവും തന്റെ മനുഷ്യ സൃഷ്ടികളും തമ്മിൽ പരസ്പരം ധർമ്മം പുലർത്തുവാൻ അല്ലാതെ സാധ്യമാകുമായിരുന്നില്ല.

ദൈവസൃഷ്ടി പാപത്തിൽ മലിനപ്പെട്ടു, വേർപെട്ടു, ശാപഗ്രസ്ഥരായി,വേദനയും, മുള്ളും, വൈരൂപ്യവും, മരണവും വന്നു. ദൈവത്തിന്റെ ആധുനിക സൃഷ്ടി പരാജയപ്പെട്ടോ? ഇല്ല. ദൈവത്തിന്റെ പ്രവൃത്തി തുടരുകയാണ്. അവർ സർപ്പത്തെ (സാത്താൻ) ശപിച്ചു, അവനാണല്ലോ വീഴ്ച്ചക്കു വഴി ഒരുക്കിയത്, ദൈവം വീണ മനുഷ്യനെ വിജയിയായി ഒരാളെ അയച്ചു പുനരേകീകരിക്കുന്ന വാഗ്ദാനം കൊടുത്തു:

> യഹോവയായ ദൈവം പാമ്പിനോടു കല്പിച്ചതു, "നീ ഇതു ചെയ്തതുകൊണ്ട്, എല്ലാ കന്നുകാലികളിലും എല്ലാ കാട്ടു മൃഗങ്ങളിലും വെച്ചു, നീ ശപിക്കപ്പെട്ടിരിക്കുന്നു; നീ ഉരസ്സുകൊണ്ടു ഗമിച്ചു നിന്റെ ആയുഷ്ക്കാലം ഒക്കെയും; പൊടി തിന്നും ഞാൻ നിനക്കും സ്ത്രീക്കും, നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാകും; അവൻ നിന്റെ തല തകർക്കും, നീ അവന്റെ കുതികാൽ തകർക്കും" (ഉല്പത്തി 3:14, 15).

കുറിപ്പുകൾ

[1]ഈ വാക്യത്തിന്റെ ഒന്നാം ഭാഗത്തിൽ എല്ലാ ബൈബിൾ ഉദ്ധരണികളും ശ്രദ്ധിച്ചാൽ ഈ "പ്രശ്നം" കാണാം; ഉദാഹരണമായി, *ഓക്സ്ഫോർഡ് അനോട്ടേറ്റഡ് ബൈബിൾ,* ആർ. എസ്. വി; *വെസ്റ്റ്മിനിസ്റ്റർ സ്റ്റഡി ബൈബിൾ*, ആർ എസ് വി, *ഹാർപ്പർ സ്റ്റഡി ബൈബിൾ*, എൻ ആർ എസ് വി "ഒരു ആരംഭത്തിൽ" എന്ന വ്യക്തമായ വ്യാഖ്യാനം മുഴുവനായ ചർച്ചയിൽ ലഭിക്കും, നോക്കുക ജോൺപീറ്റർ ലേഞ്ച്, "ജെനസിസ്" *ഇൻ കമെന്ററി ഓൺ ദ പോളി സ്ക്രിപ്ച്ചേഴ്സ്: ക്രിട്ടിക്കൽ ഡോക്ടിനൽ ആന്റ് ഹോമെലിറ്റിക്കൽ*, ട്രാൻസ് ആന്റ് എഡ്. ഫിലിപ്പ് സ്ക്കാഫ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, എൻ.ഡി), 162. [2]*ആദാം,* എന്ന മനുഷ്യന് ഉപയോഗിച്ച വാതിൽ ഇതു സൂചിപ്പിച്ചിട്ടുണ്ട്, ഗ്രൗണ്ട് എന്നതിനുള്ള, *ഡാമാ* എന്ന വാക്കിലും. സി എഫ്. ഫ്രാൻസിസ് ബ്രൗൺ, എസ് ആർ ഡ്രൈവർ, ആന്റ് ചാൾസ് എ ബ്രിഗ്ഗ്സ്, *എ ഹീബ്രു ആന്റ് ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ഓൾഡ് ടെസ്റ്റമെന്റ്* (ഓക്സ്ഫോർഡ്: ക്ലാരെൻഡൻ, 1958), 9. [3]ഉല്പത്തി 1; 2 എന്നീ അദ്ധ്യായങ്ങളിൽ കാണുന്നു സൃഷ്ടിത്വ വിവരണങ്ങളെ കുറിച്ചു വാല്യങ്ങൾ കണക്കിനു പുസ്തകങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്. അവയെല്ലാം ശ്രദ്ധിച്ചു തരം തിരിച്ചാൽ, രണ്ടു - സിദ്ധാന്തങ്ങളുടെ ഉറവിടം അടക്കം: നോക്കുക, ജോൺ ടി വെൽസ്, *ജെനസിസ്* ദ ലിവിങ്ങ് വേഡ് കമെന്ററി (അസ്റ്റിൻ ടെക്സാസ്.: സ്വീറ്റ്, 1979), 78-115. ഉല്പത്തി 1-3 നെക്കുറിച്ചു എഴുതപ്പെട്ട പുസ്തകങ്ങളിൽ നിന്നു പലതും വിശ്വസിക്കുന്നത് ആ അദ്ധ്യായങ്ങൾ തരംതാഴ്ന്ന ക്രമത്തിൽ ഇതിഹാസരൂപത്തിൽ എഴിതപ്പെട്ടതാണെന്നത്. അതിനു "തെളിവായി" സൃഷ്ടിയെ സംബന്ധിച്ച മറ്റു കഥകൾ എടുക്കുന്നു ഉദാഹരണമായി അക്കാഡിയൻ *എനുമാ ഏലിഷ്,* എന്നതു ഉല്പത്തി വിവരണങ്ങളെ തരം താഴ്ത്തുന്നതാണ് (ജെയിംസ് ബി. പ്രിച്ചാർഡ്, ഇഡി. "അക്കാഡിയൻ മത്ത്സ് ആന്റ് എപ്പിക്സ്," ഇൻ *ഏൻഷ്യന്റ് നിയർ ഈസ്റ്റേൺ ടെക്സ്റ്റാസ് റിലേറ്റിങ്ങ് ടു ദ ഓൾഡ് ടെസ്റ്റമെന്റ്*, ട്രാൻസ്. ഈ. എ. സ്പെയിസൻ. 2 ഉ എഡി. [പ്രിൻസ്റ്റൺ, എൻ.ജെ.: പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റി, 1955], 60-62). പണ്ട്, കുട്ടികൾ അവരുടെ ക്ലാസ് മുറിയിലെ ബോർഡിൽ ഹാസ്യചിത്രമായി എല്ലാ സുഖസൗകര്യങ്ങളുള്ള ഒരു കാറും അതിന്റെ ഡ്രൈവറായ ആദാമിനേയും പുറത്താക്കുന്നതു വരക്കാറുണ്ടായിരുന്നു. ആ ഹാസ്യ ചിത്രം ചില മാതാപിതാക്കളെയും കുട്ടികളെയും നാവുകൊണ്ട് - രുചിച്ചു - നോക്കുന്ന മനോഭാവത്തിലാക്കിയിട്ടുണ്ട്. വിശുദ്ധ തിരുവെഴുത്തുകളെ ഇത്തരത്തിൽ കാണുവാനുള്ള ഒരു കാരണം, അവരുടെ മനസ്സു ശാസ്ത്രത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നതു കൊണ്ടാണ്. സത്യം, ശാസ്ത്രീയവും ആക്ഷരികവും; വസ്തു നിഷ്ടവുമായിരിക്കണം, അല്ലെങ്കിൽ അതു സത്യമല്ല എന്നാണ് നാം ചിന്തിക്കുന്നത്. ദൈവം തന്നെക്കുറിച്ചും പ്രപഞ്ചത്തെക്കുറിച്ചു നമ്മോടുള്ള ബന്ധത്തെക്കുറിച്ചും, മറ്റെല്ലാറ്റിനെ കുറിച്ചും ശാസ്ത്രീയമായി, അക്ഷരികമായി, വസ്തുനിഷ്ഠമായി പറഞ്ഞാൽ നമുക്കു വളരെ കുറച്ചുമാത്രമെ മനസ്സിലാകൂ എന്നു ബൈബിൾ പണ്ഡിതന്മാരും, ദിവസേന ബൈബിൾ വായിക്കുന്നവരും, ഓർമ്മിച്ചാൽ നന്നായിരിക്കും. നിസ്സാരവാക്കുകളിലൂടെയാണ് പരമോന്നതമായ സത്യം ചിലപ്പോൾ പറയാറുള്ളത്. അല്ലെങ്കിൽ സൃഷ്ടിയെക്കുറിച്ചും മനുഷ്യന്റെ വീഴ്ച്ചയെക്കുറിച്ചും ഉള്ള വിവരങ്ങൾ അരോചകമായേനെ. നമുക്കു ആ വസ്തുക്കളെ നമ്മുടേതായ പ്രകാശത്തിനും ക്ഷേമത്തിനും സ്വീകരിച്ചു മുൻപോട്ടു - നീങ്ങാം. [4]വ്യാപകമായ തരംതിരിച്ചലിനു നോക്കുക, ബ്രൗൺ, ഡ്രൈവർ, ആന്റ് ബ്രിഗ്സ്, *എ ഹീബ്രു ആന്റ് ഇംഗ്ലീഷ് ലെക്സിക്കൻ,* 659-61. [5]"*ഹംസൻ* (*മഹ്സനിൽ* നിന്നു), *ബ്രീത്ത്*, സ്പിരിറ്റ്, ബ്രെത്ത് ഓഫ് ദ സ്പിരിറ്റ്, ബ്രെത്ത് ഓഫ് മാൻ, ലൈഫ് ഓഫ് ദ സ്പിരിറ്റ്, എന്നത് *ഹുർ* എന്നതിനേക്കാൾ കൂടുതൽ പ്രത്യേകതയുള്ളതാണ് *ഷോൻ* എന്നതിനേക്കാൾ കൂടുതൽ സർവ്വലൗകികമാണ്, ഒരു പക്ഷെ രണ്ടും മാറിമാറി ഉപയോഗിച്ചേക്കാം, രണ്ടിനും മദ്ധ്യേ ആദ്യം; എങ്കിലും മനുഷ്യനിൽ നിന്നു മനുഷ്യരിൽ പ്രവേശിക്കുന്നു - അതാണ് - ദൈവത്തിന്റെ 'ജീവശ്വാസം,' അതായതു ദൈവത്തിന്റെ ആത്മാവു സ്വയം - പ്രവർത്തിക്കുന്ന വിധത്തിൽ, മനുഷ്യരിൽ അതു ആത്മിയ തത്വം, തന്റെ ജാവാത്മാവു ആയിട്ടാണ്, പക്ഷെ വാസ്തവത്തിലുള്ള ആത്മാവിന്റെ വ്യക്തിത്വത്തിൽ നിന്നു ഒട്ടും കുറഞ്ഞതല്ല" (ലേഞ്ചു്, "ജെനസിസ്," 204).

## സൃഷ്ടികർത്താവോ യാദൃശ്ചികമോ?

ഡോ. എ. ക്രെസി മോറിസൺ, എന്ന ഒരു വൈദ്യനും ന്യൂയോർക്ക് സ്റ്റെയിറ്റ് അക്കാഡമി ഓഫ് സയൻസിന്റെ മുൻപ്രസിഡന്റും ആയിരുന്ന അദ്ദേഹത്തിനു പറയാനുള്ളതു, ശ്രദ്ധിക്കാം:

> എല്ലാറ്റിന്റേയും പിന്നിലുള്ള നേരിട്ടുള്ള ഉദ്ദേശം ശക്തമായ തെളിവായി പറയാം .... ലോകം ശരിയായ സ്ഥാനത്താണെന്നു നാം കണ്ടു, അതിന്റെ ബാഹ്യപടലം പത്ത് അടി ക്രമീകരിച്ചു നിർത്തിയിരിക്കുന്നു, അതായതു കടൽപത്ത് അടി കൂടെ താഴ്ച്ചയിലാണെങ്കിൽ നമുക്കു ശ്വസിക്കാൻ വായുവോ, സസ്യാദികളോ ഉണ്ടാവുകയില്ല. ഭൂമി ഇരുപത്തി - നാലുമണിക്കൂറും കറങ്ങിക്കൊണ്ടിരിക്കുന്നതായി നാം കണ്ടു, കറക്കത്തിനു താമസം നേരിട്ടാൽ ജീവിതം അസാധ്യമാകും. ഭൂമി സൂര്യനു ചുറ്റുന്ന വേഗത കൂടുകയോ കുറയുകയോ ചെയ്താൽ, ഈ ജീവചരിത്രം, ഏതെങ്കിലും ഉണ്ടെങ്കിൽ, പൂർണ്ണമായും വ്യത്യസ്തമായി തീർന്നേനെ. ആയിരങ്ങളിൽ ഒന്നായ സൂര്യൻ നമുക്കു ഭൂമിയിൽ ജീവിത സാധ്യമൊരുക്കുന്നു, അതിന്റെ വലുപ്പം, വിസ്തൃതി, ഊഷ്മാവു, അതിന്റെ പ്രകാശരശ്മികളുടെ സ്വഭാവം എല്ലാം ശരിയായിരിക്കണം ശരിയുമാണ്. അന്തരീക്ഷത്തിലെ വാതകങ്ങൾ ക്രമീകരിച്ചിരിക്കയാണ്. ചെറിയ മാറ്റം സംഭവിച്ചതിൽ പോലും ജീവിതം അധോഗതിയാകും. ...
>
> ഭൂമിയുടെ കൂട്ടത്തെ, അതിന്റെ സ്ഥലം, ശൂന്യാകാശം, ക്രമീകരണകൃത്യത. ഈ ക്രമീകരണത്തിന്റെ സ്ഥലം ദശലക്ഷത്തിൽ ഒന്ന് എന്നതും കോടിക്കണക്കിനുള്ള ക്രമീകരണവും സംഭവിച്ചുകൊണ്ടിരിക്കുന്നത് തിട്ടപ്പെടുത്താൻ സാധ്യമല്ല. അതുകൊണ്ട്, ഈ വസ്തുതകളുടെ അസ്തിത്വം, ഏതൊരു യാദൃശ്ചിക നിയമങ്ങൾക്കും നിരക്കുന്നതല്ല. അപ്പോൾ പിന്നെ മനുഷ്യനു വേണ്ടി പ്രകൃതി ക്രമീകരിച്ചിരിക്കുന്നതു നോക്കിയാൽ മനുഷ്യർ പ്രകൃതിയോടു ക്രമീകരിക്കുന്നതുമായി താരതമ്യം ചെയ്യുമ്പോൾ അത്ഭുതാവഹമാണ്. പ്രകൃതിയുടെ അത്ഭുതങ്ങളിൽ കാണുന്നവയെ പുനരവലോകനം ചെയ്താൽ, അതിന്റെ രൂപകല്പനയും ഉദ്ദേശവും എല്ലാറ്റിലും കാണാം. പരമോന്നതനാൽ അവയിലെല്ലാം, തീർച്ചയുള്ള വിശദമായ കാര്യപരിപാടി നടത്തുന്നവനെ നാം ദൈവം എന്നു വിളിക്കുന്നു.[1]

---

കുറിപ്പ്

[1]എക്രെസി മോറിസൻ, *മാൻഡസ് നോട്ട് സ്റ്റാന്റ് എലോൺ* (ന്യൂയോർക്ക്: ഫ്ലെമിങ്ങ് എച്ച്. റെവൽ കമ്പനി., 1944), 94, 95; ക്വോട്ടഡ് ഇൻ ബാറ്റ്സെൽ ബാരെറ്റ് ബാക്സ്റ്റർ, *ഐ ബിലീവ് ബിക്കോസ്* ... (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1971), 66.

© 2009 Truth for Today